(എഫ്) പ്രധാനമായും താഴെ പറയുന്ന കാര്യങ്ങളാണ്.

(1) ഡിപ്പാർട്ടുമെൻറിലുണ്ടാകാവുന്ന ഒഴിവുകളിൽ അവരെ നിയമിക്കുക.

(2) വയഃക്രിപ്പയിൽനിന്നും ഒഴിവാക്കുക.

(3) ആവശ്യമായ പരിശീലനം നൽകി ഡിപ്പാർട്ടുമെൻറ മുഖേന നിയമിക്കുക. നിവേദനം ഗവണ്മെൻറിൻെറ പരിഗണനയിലാണ്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: രണ്ടായിരത്തോളം വരുന്ന മലേറിയ ജീവനക്കാരെ പിരിച്ചുവിട്ട് പട്ടിണിയിലേക്ക് തള്ളിവിടാതെ മറ്റു ജോലി നൽകാൻ ദയവുണ്ടാകുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ഇതൊരു പ്രത്യേക പ്ലാൻസ്കീമാണ് ആ പ്ലാൻ സ്കീമിൻെറ കാലാവധി കഴിഞ്ഞാൽപിന്നെ അതു തുടർന്നുകൊണ്ടു പോകാൻ കഴിയുകയില്ല. ഇവർക്ക് വേറെ എന്തെങ്കിലും ജോലി കൊടുക്കാൻ സാദ്ധ്യമാവുമോ എന്ന കാര്യത്തെപ്പറ്റി ഗവണ്മെൻറ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീമതി എ. നഫീസത്തു ബീവി : ഈ സർവൈലൻസ് സ്റ്റാഫിനെ പിരിച്ചുവിടരുതെന്നു പറഞ്ഞു 2-8-1962-ൽ ഒരു മെമ്മോറാണ്ടം കൊടുത്തതിനു മറുപടിയായി 30-10-1962-ൽ ഇങ്ങനെ പിരിച്ചുവിടുന്നതിനു മുമ്പായിതന്നെ ഈ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവരെ മറ്റു ഡിപ്പാർട്ടുമെൻറിൽ അബ്സോർബ് ചെയ്യാമെന്നു പറഞ്ഞു ഉറപ്പു കൊടുത്തു മറുപടി കൊടുത്തതായി ഓർക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതനുസരിച്ചുവേണ്ട നടപടികളും സ്വീകരിക്കുന്നതിനു ദയവുണ്ടാകുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അവരെ മറ്റു ഡിപ്പാർട്ടുമെൻറുകളിൽ അബ്സോർബ് ചെയ്യുകൊള്ളാമെന്നു ഉറപ്പുകൊടുക്കാൻനിവൃത്തിയില്ല. എന്തെങ്കിലും തരത്തിൽ അവർക്ക് എന്തെങ്കിലും ജോലി കൊടുക്കാൻ സാധിക്കുമോയെന്നു ഗവണ്മെൻറ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ആലോചന പൂർത്തിയാകുന്നതുവരെ പിരിച്ചുവിടാൻ കൊടുത്ത കൽപ്പന സ്റ്റേ ചെയ്യാൻ വല്ല നടപടിയും എടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ ; അങ്ങനെ സ്റ്റേ ചെയ്യാൻ സാദ്ധ്യമല്ല. പ്ലാൻ സ്കീമനുസരിച്ച് വർക്ക് കംപ്ലീറ്റ ചെയ്തിരിക്കുകയാണ്, വർക്ക കംപ്ലീറ്റ ചെയ്തിരിക്കുന്നതുകൊണ്ട് ഇനി എന്തു സ്റ്റേ കൊടുക്കാനാണ്.

WRITTEN ANSWERS

ആയുർവ്വേദ ഡിസ്പെൻസറികൾ

* 696. [26] ശ്രീ. കെ. ഹസ്സൻ ഗനി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) 1962-63, 1963-64 എന്നീ വർഷങ്ങളിൽ എത്ര ആയുർവ്വേദിക് ഡിസ്പെൻസറികൾ ആശുപത്രികളായി ഉയർത്താനാണ് തീരുമാനിച്ചിരുന്നത്;

(ബി) എത്രയെണ്ണം ഉയർത്തി;

(സി) കോഴിക്കോട് ഡിസ്ട്രിക്റ്റിൽ ഏറനാട് താലൂക്കിലുള്ള വെള്ളമാംബരം സിസ്പെൻസറി ആശുപത്രിയായി ഉയർത്താതിരിക്കുവാൻ വല്ല കാരണവുമുണ്ടോ;

(ഡി) ടി ഡിസ്പെൻസറി ഒരു ആശുപത്രിയായി ഉയർത്തുവാൻ വേണ്ട നടപടികൾ എടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ):

(എ, ബി) ഡിസ്പെൻസറികളെ ആശുപത്രികളായി ഉയർത്തുവാൻ പ്രത്യേക പദ്ധതിയൊന്നും ഗവണ്മെൻറംഗീകരിച്ചിട്ടില്ല. ആശുപത്രികളും ഇല്ലാത്ത സ്ഥലങ്ങളിൽ പുതുതായി ആശുപത്രികൾ തുറക്കുന്നതിനു പകരം ആ സ്ഥലത്തുള്ള ഡിസ്പെൻസറികളെ ചിലപ്പോൾ ആശുപത്രികളായി ഉയർത്താറുണ്ട്. 1962–63-ൽ ഗുരുവായൂരിൽ ഒരു പുതിയ ആശുപത്രി തുറന്നിട്ടുണ്ട്. 1963–64-ൽ പുതുതായി ആശുപത്രികൾ തുറക്കുന്നതിനു ബഡ്ജറ്റിൽ തുക കൊള്ളിച്ചിട്ടില്ല.

(സി) പ്രത്യേക കാരണങ്ങളൊന്നുംതന്നെയില്ല. ഓരോ താലൂക്കിലും ഓരോ ആശുപത്രി വീതം തുറക്കുക എന്നതാണു് ഇപ്പോഴത്തെ പദ്ധതി. അതനുസരിച്ചു് ഏറെനാട് താലൂക്കിലും ഒരാശുപത്രി സ്ഥാപിക്കുന്നതാണു്.

(ഡി) അടുത്ത വർഷത്തിൽ ആയുർവ്വേദസ്ഥാപനങ്ങൾ തുടങ്ങുന്നതിനു ബഡ്ജറ്റിൽ കൊള്ളിച്ചിരിക്കുന്ന തുകയനുസരിച്ചു് ഈ കാര്യം ഗവണ്മെൻറു് പര്യാലോചിക്കുന്നതാണു്.

പോലീസു് ഉദ്യോഗസ്ഥന്മാരുടെ യാത്രബത്ത

* 697. [27] ശ്രീ. പി. അബ്ദുൽമജീദു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറിലെ പോലീസു് സബ്ബു് ഇൻസ്പെക്ടർമാർക്കും അവരുടെ കീഴിലുള്ള പോലീസു് ഉദ്യോഗസ്ഥന്മാർക്കും പ്രതിമാസം യാത്രബത്ത ഇനത്തിൽ കൂടുതൽ പാടില്ല എന്ന വല്ല നിബന്ധനയും ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപ വരെ;

(സി) ഈ ഒരേ നിരക്കു് ഏർപ്പെടുത്തിയിട്ടുള്ളതു് ഓരോ പോലീസു് സ്റ്റേഷനിലെയും അധികാരപരിധി കണക്കിലെടുത്തിട്ടാണോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) ഉണ്ടു്.

(ബി)

ലോക്കൽ പോലീസിലെ സബ്ബു് ഇൻസ്പെക്ടർമാർ	പ്രതിമാസം 100	രൂപ വരെ
സ്റ്റേറു് ഒട്ടുക്കും സഞ്ചരിക്കേണ്ടി വരുന്ന സബ്ബു് ഇൻസ്പെക്ടർമാർ	,, 150	,,
ആംഡു് റിസർവ്വു്, ആംഡു് പോലീസു് എന്നിവയിലെ സബ്ബു് ഇൻസ്പെക്ടർമാർ, ജമേദാർമാർ,	,, 50	,,
ലോക്കൽപോലീസു്, ആംഡു് റിസർവു് എന്നിവയിലെ ഹെഡു് കാൺസ്റ്റബിൾമാർ	,, 40	,,
സ്റ്റേറു മുഴുവൻ സഞ്ചരിക്കേണ്ടി വരുന്ന ഹെഡ്കാൺസ്റ്റബിൾമാർ	,, 75	,,
റയിൽവേപോലീസിലെ ഹെഡു് കാൺസ്റ്റബിൾമാർ	,, 45	,,
ലോക്കൽ പോലീസു്, ഡിസ്ട്രിക്റ്റു് ആംഡു് റിസർവു് എന്നിവയിലെ പോലീസു് കാൺസ്റ്റബിൾമാർ.	25	,,

LIBRARY ARCHIVES Kerala Legislative Assembly